10 ഡിസംബർ 2014

പ്രസിദ്ധീകരണാർത്ഥം

# സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു

2014-ലെ ഊർജ്ജസംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു. കേരളത്തിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരളസർക്കാർ ഏർപ്പെടുത്തിയ അവാർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് എനർജി മാനേജ്മെന്റ് സെന്ററാണ്. സർക്കാർ നിയോഗിച്ച സംസ്ഥാനതല ജഡ്ജിംഗ് കമ്മിയുടെ നേതൃത്വത്തിലാണ് അപേക്ഷകൾ വിലയിരുത്തി അവാർഡുകൾ പ്രഖ്യാപിച്ചത്. വൻകിട ഊർജ്ജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, ഊർജ്ജസംരക്ഷണ പ്രോത്സാഹകർ, കെട്ടിടങ്ങൾ എന്നീ അഞ്ചു വിഭാഗങ്ങളിലായാണ് അപേക്ഷകൾ ക്ഷണിച്ചത്. അപേക്ഷകരുടെ ഊർജ്ജസംരക്ഷണ പ്രവർത്തന മികവ് കണക്കിലെടുത്ത് അവാർഡുകളും പ്രശസ്തി പത്രങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്.

**പ്രഖ്യാപിച്ച അവാർഡുകൾ/ പ്രശസ്തി പത്രങ്ങൾ**

**വൻകിട ഊർജ്ജ ഉപഭോക്താക്കൾ**

അവാർഡ് : ഭാരത് പെട്രോളിയം കോർപ്പറേഷൻ, കൊച്ചി (ബി.പി.സി.എൽ)

പ്രശസ്തിപത്രം : എച്ച്.എൽ.എൽ ലൈഫ് കെയർ പേരൂർക്കട,
കൊച്ചിൻ ഷിപ്പ് യാർഡ് , കൊച്ചി.

**ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ**

അവാർഡ് : റൂബക്ക് ബലൂൺസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം

പ്രശസ്തിപത്രം : മിൽമ കണ്ണൂർ ഡയറി, സാബ് മില്ലർ ഇന്ത്യാ ലിമിറ്റഡ്, തൃശ്ശൂർ

**ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ**

അവാർഡ് : ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് , ഷൊർണ്ണൂർ

**ഊർജ്ജസംരക്ഷണ പ്രോത്സാഹകർ**

അവാർഡ് : ആലപ്പുഴ മുനിസിപ്പാലിറ്റി, ശ്രീ. സി.ഡി ഫ്രാൻസിസ്, വേലൂർ, തൃശ്ശൂർ.

പ്രശസ്തിപത്രം : കെ.എസ്.ഇ.ബി ലിമിറ്റഡ് തിരുവനന്തപുരം, കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

**കെട്ടിടങ്ങൾ**

അവാർഡ് : താജ് വിവന്ദ, കോവളം

പ്രശസ്തിപത്രം : ബി.എസ്.എൻ.എൽ ചിന്നക്കട എക്സേചേഞ്ച്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവനന്തപുരം

അവാർഡ് അപേക്ഷകർ ലാഭിച്ചത് 141 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 41238 ടൺ ഇന്ധന എണ്ണയും 5920 ടൺ കൽക്കരിയും 57 ടൺ എൽ. പി. ജി യുമാണ്.

ദേശീയ ഊർജ്ജസംരക്ഷണദിനമായ ഡിസംബർ 14-ന് കോഴിക്കോട് മലബാർ പാലസിൽവെച്ച് നടക്കുന്ന ചടങ്ങിൽ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പ മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് അവാർഡുകൾ വിതരണം ചെയ്യും.

ഡയറക്ടർ